ഹരിതകേരളം മിഷൻ

# പച്ചത്തുരുത്തുകൾക്ക് 2 വയസ്സ്

ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് ആരംഭിച്ച പച്ചത്തുരുത്ത് സംരംഭത്തിലെ ആദ്യ പച്ചത്തുരുത്തിന് 2 വയസ്സ്. 2019 ജൂൺ 5 ന് ലോക പരിസ്ഥിതി ദിനത്തിലാണ് പച്ചത്തുരുത്ത് തുടക്കമിട്ടത്. അന്ന് തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ഗ്രാമപഞ്ചായത്തിൽ വേങ്ങോട് കുടുംബാരോഗ്യ കേന്ദ്രത്തിന്റെ വളപ്പിൽ ബഹു. മുഖ്യമന്ത്രി പിണറായി വിജയൻ നീർമാതളം തൈ നട്ടാണ് പദ്ധതിക്ക് തുടക്കം കുറിച്ചത്. അഞ്ച് സെന്റ് സ്ഥലത്ത് ഇപ്പോൾ നിബിഡമായി ചെടികൾ വളർന്ന് മാതൃകാ പച്ചത്തുരുത്തായി മാറിയിട്ടുണ്ട്. 28 ഇനം വൃക്ഷങ്ങളും 40 ഔഷധ സസ്യങ്ങളും 15 ഇനം വള്ളിച്ചെടികളും കുറ്റിച്ചെടികളും പടർന്ന് വളരുന്ന ചെടികളുമാണ് ഇവിടെയുള്ളത്. ഇതിന്റെ ചുറ്റുമുള്ള ജൈവ വേലിയിൽ ചെമ്പരത്തി, മയിലാഞ്ചി, കരിന്നൊച്ചി, ആടലോടകം തുടങ്ങിയ ചെടികളാണ്. ഉള്ളിലെ ഒരു ചെറു മുളങ്കൂട്ടത്തിന്റെ ചില്ലയിൽ ഇടയ്ക്ക് ഒരു പക്ഷിക്കൂട് ഉണ്ടായിരുന്നു. പക്ഷികളും ശലഭങ്ങളും വിവിധ ഇനം കൂണുകളും വള്ളികളുമായി ഒരു ചെറു ജൈവ വൈവിധ്യം ഇവിടെ രൂപപ്പെട്ടിരിക്കുകയാണ്. രാത്രി പക്ഷികൾ ചേക്കേറുകയും പുലർകാലത്ത് പറന്നു പോകുകയുമാണ് ഇവിടെ. കേരളത്തിന്റെ പ്രകൃതിദത്ത മൂലധനത്തിലേയ്ക്കുള്ള സാർത്ഥകമായ കൂട്ടിച്ചേർക്കലുകളാണ് ഇതിനകം വിവിധ ഇടങ്ങളിലായി പൂർത്തീകരിച്ച 1400–ലധികം വരുന്ന പച്ചത്തുരുത്തുകൾ. കേവലം വൃക്ഷവൽക്കരണ പരിപാടി എന്നതിലുപരി ജൈവ വൈവിധ്യ സംവിധാനത്തെ സാമൂഹ്യ ഉത്തരവാദിത്തത്തോടെ നിർവഹിക്കാനും പരിപാലിക്കാനും പ്രത്യേകം ശ്രദ്ധ ഈ സംരംഭത്തിൽ നിഷ്കർച്ചിട്ടുണ്ട്. പ്രകൃതി പുനഃസ്ഥാപന പ്രക്രിയയിലെ ജനകീയ ഉദ്യമമാണ് ഈ പച്ചത്തുരുത്തുകൾ. അര സെന്റ് മുതൽ എത്ര ഭൂമി വരെയും പച്ചത്തുരുത്തിനായി ഉപയോഗിക്കാമെന്ന സമീപനമാണ് ഹരിത കേരളം മിഷൻ മുന്നോട്ടുവച്ചിട്ടുള്ളത്. ഒപ്പം പ്രാദേശിക ജൈവ വൈവിധ്യത്തിന് മുന്തിയ പരിഗണനയും.

ലോക പരിസ്ഥിതി ദിനത്തിൽ ഇതുവരെ നാം നേരിട്ട പരിസ്ഥിതി ദുരന്തങ്ങളിൽനിന്നുള്ള അനുഭവ പാഠങ്ങളും വിശകലനം ചെയ്യപ്പെടേണ്ടതുണ്ട്. ഇതിൽനിന്ന് രൂപപ്പെടുത്തിയ പാരിസ്ഥിതിക ബോധത്തിന്റെ വെളിച്ചത്തിൽ ശ്രദ്ധേയമായ ചുവടുവയ്പ്പാണ് സംസ്ഥാനത്ത് വളരുന്ന പച്ചത്തുരുത്തുകൾ. പാരിസ്ഥിതിക ജാഗ്രതയുടെ ഫലപ്രാപ്തിയുള്ള ഇടപെടൽകൂടിയായി ഈ പച്ചത്തുരുത്തുകൾ. യഥാവിധി സംരക്ഷിക്കപ്പെടുമ്പോൾ ഓരോ പച്ചത്തുരുത്തുകളും ചെറു കാടുകൾക്കപ്പുറം ചെറിയ തോതിലുള്ള ജൈവ വൈവിധ്യ ആവാസ കേന്ദ്രങ്ങളായി മാറുകയും ചെയ്യുന്നു. 'ആവാസ വ്യവസ്ഥകളുടെ പുനഃസ്ഥാപനം' എന്ന ഈ വർഷത്തെ ലോക പരിസ്ഥിതി ദിന ചിന്താ വിഷയത്തോട് ഏറെ അടുത്തുനിൽക്കുകയാണ് കേരളത്തിലെ പച്ചത്തുരുത്തുകൾ.

*കുറിപ്പ് : തിരുവനന്തപുരം ജില്ലയിൽ സന്ദർശിക്കാവുന്ന പച്ചത്തുരുത്തുകൾ – വേങ്ങോട് ഹെൽത്ത് സെന്റർ കോമ്പൗണ്ട് (പോത്തൻകോട് പഞ്ചായത്ത്), നെയ്യാർ (കള്ളിക്കാട് പഞ്ചായത്ത്), പൊയ്കയിൽ (വർക്കല നഗരസഭ), കാനനച്ചോല (തിരുവനന്തപുരം കോർപ്പറേഷൻ കുളത്തൂർ വാർഡ്), താഴ്‌വാരം, കാരുണ്യ (കാരോട് പഞ്ചായത്ത്), പ്രകൃതി (ചെങ്കൽ പഞ്ചായത്ത്), ഹരിത, ചിറ്റാറ്റിൻകര (നെയ്യാറ്റിൻകര നഗരസഭ), നന്മ (ആറ്റിങ്ങൽ നഗരസഭ), ചിറ (പാറശ്ശാല പഞ്ചായത്ത്)*